**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1119** **12-06-2024 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല വിതരണത്തിലെ തടസ്സം പരിഹരിക്കുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നഗരത്തിൽ ശുദ്ധജല വിതരണം ഇടയ്ക്കിടെ തടസ്സപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൈപ്പ് ലൈനിൽ ചോർച്ച മൂലം ഉണ്ടാകുന്ന ഇത്തരം തടസ്സങ്ങൾ പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ബ്ലൂ ബ്രിഗേഡ് സംവിധാനം മുഖേനയും, ലൈസൻസ് കോൺട്രാക്ടർ മുഖേനയും അതാത് പൈപ്പ് ലൈനുകളിൽ അടിയന്തര അറ്റകുറ്റ പണികൾ നടത്തി ചോർച്ച പരിഹരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി ഓഫീസുകളിൽ പ്രത്യേകമായി ഫോൺ സംവിധാനം ഏർപ്പെടുത്തുമോ; ഇതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമോയെന്ന് അറിയിക്കുമോ? | (ബി) | പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുന്നതിനായി 1916 ടോൾ ഫ്രീ നമ്പർ 24 മണിക്കൂർ പ്രവർത്തനസജ്ജമാണ്. ഇതുകൂടാതെ കുടിവെള്ള സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. ഓൺലൈനായി പരാതി സ്വീകരിക്കുവാൻ അക്വാലൂം എന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനും ഉപയോഗിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ